# കാതോർത്തു കാതോർത്തു Lyrics in Malayalam

കാതോർത്തു കാതോർത്തു ഞാനിരിക്കേ
കാലൊച്ച കേൾക്കാതെ കാത്തിരിക്കേ
കാറ്റിൽ ജനൽപാളികൾ
താനേ തുറക്കുന്നുവോ?
മണ്ണിൽ മഴച്ചാറ്റലിൻ
ഗന്ധം പരക്കുന്നുവോ ?
സഖി നിൻ വരവോ ? പകലെഴുതിയ കനവോയിത് ?

നീയെന്റെ നിഴലായ്
പ്രാണന്റെ ഇതളായ്
വന്നെന്റെ ഉയിരിൽ തൊട്ടു

ശാരദേന്ദുപോലെയെന്റെ വാനിലെന്നുമേ
കെടാതെ വന്ന പുഞ്ചിരിച്ച നീ

കുഞ്ഞുപൂവിനെ വസന്തമുമ്മവയ്ക്കവേ
ഉള്ളിലാകെ നിന്റെ ഓർമ്മയായ്

നിലാവുമഞ്ഞിനെ
പുണർന്നു നിന്നൊരി
മണൽതടങ്ങളിൽ
തിരഞ്ഞുവന്നു ഞാൻ
നിൻമുഖം വിമൂകമായ്
എന്റെ ജീവരാഗമൊന്നു നീയറിഞ്ഞോ ?

Bharatlyrics.com

*More Lyrics from [Karnan Napoleon Bhagat Singh]*